CE
DCE
AO
AA

AM 2177
10/2/2020

5/2/2020

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്

**സർക്കുലർ**

നം.ഇ.ഡബ്ല്യൂ3/330/2019-തസ്വഭവ.

തിരുവനന്തപുരം,
തീയതി, 24-01-2020.

**വിഷയം:-** തസ്വഭവ.- എഞ്ചിനീയറിംഗ് വിഭാഗം എഞ്ചിനീയർമാരുടെ മേൽനോട്ടമില്ലാതെ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

**സൂചന:-**
1. 12.09.2011-ലെ 42448/ഇ.ഡബ്ല്യൂ3/2011/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ.
2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.06.2019- ലെയും 17.12.2019 -ലെയും ഡി.ബി1/7858/19/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ആയി 1.25% തുക ഈടാക്കുന്നത് സംബന്ധിച്ച് സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പഴക്കം ചെന്നതും തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയർമാരുടെ മേൽ നോട്ടത്തിലല്ലാതെ നിർമ്മിച്ചതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 1.25% സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കേണ്ടത് സംബന്ധിച്ച് പ്രസ്തുത സർക്കലറിൽ വ്യക്തമായ നിർദ്ദേശമില്ലാത്തതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും, ആയതിനാൽ, പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾക്ക് അഫിലിയേഷനു വേണ്ടി ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ 1.25% സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കേണ്ടത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് വിശദമായി പരിശോധിച്ചു. പഴക്കം ചെന്നതും തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയർമാരുടെ മേൽ നോട്ടത്തിലല്ലാതെ നിർമ്മിച്ചതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 1.25% സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കേണ്ട ആവശ്യമില്ലെന്നും എന്നാൽ, ഇത്തരം പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നസ് നൽകുന്നതിന് മുമ്പായി ഏതെങ്കിലും ഐ.ഐ.ടി/എൻ.ഐ.ടി/സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട്, പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഉറപ്പുവരുത്തേണ്ടതാണെന്നും, പ്രസ്തുത കെട്ടിടത്തിന് വരും കാലങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതായി വരുകയാണെങ്കിൽ കോളേജ് അധികൃതർ നൽകിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധാരണയായി ഈടാക്കുന്ന ഫീസ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവുന്ന സാഹചര്യം പരിശോധിക്കണമെന്നും പൊതുമരാമത്ത് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(മറുപുറം)

ഇത്തരം അപേക്ഷകൾ ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ഇതിനൊരു സ്ഥായിയായ പരിഹാരം വേണ്ടതിനാലും സൂചന(1)-ലെ സർക്കുലർ കാലോചിതമായി മാറ്റം വരുത്തി ഭേദഗതി ചെയ്യേണ്ടതുണ്ടെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ, പഴക്കം ചെന്നതും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ചതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലുള്ള സർക്കുലർ പ്രകാരം 1.25 % സൂപ്പർവിഷൻ ചാർജ് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കിയും, എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് ആദ്യതവണ ഫിറ്റ്നസ് നൽകുന്നതിനു മുമ്പായി ഏതെങ്കിലും ഐ.ഐ.ടി/എൻ.ഐ.ടി/സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട്, സ്കൂൾ മാനേജ്മെന്റിന്റെ തന്നെ ചെലവിൽ, പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പ് വരുത്തിക്കൊണ്ടും, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ 500 ച.മീറ്ററിന് താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 5,000 രൂപയും, 500 മുതൽ 1000 ച.മീറ്ററിന് ഉള്ളിൽ വരുന്ന കെട്ടിടങ്ങൾക്ക് 10,000 രൂപയും, 1000 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് 20,000 രൂപയും ഫീസായി ഈടാക്കി കൊണ്ടും, ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് നൽകാമെന്നും, പ്രസ്തുത കെട്ടിടത്തിന് വരുംകാലങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടി വരുകയാണെങ്കിൽ കോളേജ് അധികൃതർ നൽകിയ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19.08.1997-ലെ സ.ഉ(പി)നം.84/97/PW&T ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വാർഷിക ഫീസ് തന്നെ ഈടാക്കിക്കൊണ്ട് വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാമെന്നും വ്യവസ്ഥ ചെയ്തു സൂചന (1)- ലെ സർക്കുലർ ഭേദഗതി ചെയ്യുന്നു.

മേൽ ഭേദഗതിയോടെ സൂചന (1)-ലെ സർക്കുലർ നിലനിൽക്കുന്നതായിരിക്കും.

**ടി. കെ. ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
(പകർപ്പ് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ്
പൊതുമരാമത്ത് വകുപ്പ് *(28.09.19-ലെ ഇ 1/191/2019/പൊ.മ.വ നമ്പർ കുറിപ്പ്)*
തദ്ദേശസ്വയംഭരണ (EPA/EPB/EU/ERB/ERA) വകുപ്പ്
വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ